## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7945 16.07.2014 ലെ മറുപടിയ്ക്ക്

### തിരുവനന്തപുരത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് തുക വകയിരുത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. എ. ബേബി<br>ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. ബി. സത്യൻ<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | ശ്രീ. കെ. എം. മാണി<br>ധനകാര്യവും നിയമവും<br>ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |

| ചോദ്യം | ഉത്തരം |
|---|---|
| (എ) സംസ്ഥാന തലസ്ഥാനം എന്ന നിലയിൽ തിരുവനന്തപുരത്തെ അടിസ്ഥാന സൗകര്യ വികസനത്തിന് തുക ബജറ്റിൽ വകയിരുത്താത്തതിനെക്കുറിച്ചുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | വൻകിട മൂലധന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് 2014-15 സാമ്പത്തിക വർഷം '5475-00-800-92' എന്ന ശീർഷകത്തിൽ 1225 കോടി രൂപ പദ്ധതി വിഹിതമായി വകയിരുത്തിയിട്ടുണ്ട്. തലസ്ഥാന നഗര വികസന പദ്ധതി ഉൾപ്പെടെയുള്ള 10 പ്രോജക്ടുകൾക്കായിട്ടാണ് ഈ തുക അനുവദിച്ചിരിക്കുന്നത്. കൂടാതെ ടോക്കൺ വിഹിതമായി 1 ലക്ഷം രൂപ '2217-01-800-99-തലസ്ഥാന നഗര വികസന പദ്ധതി (പ്ളാൻ)' എന്ന ശീർഷകത്തിലും തിരുവനന്തപുരം വികസന അതോറിറ്റിക്ക് 25 കോടി രൂപ '4217-60-191-98-(പ്ളാൻ)' എന്ന ശീർഷ-കത്തിലും തലസ്ഥാന നഗര വികസന-ത്തിനായി നടപ്പു വർഷം വകയിരുത്തിയിട്ടുണ്ട്. |
| (ബി) ജനങ്ങളുടെ ഏറ്റവും അടിസ്ഥാന ആവശ്യമായ കുടിവെള്ളം അടിക്കടി പൈപ്പുപൊട്ടുന്നതുമൂലം തടയപ്പെടുന്നത് പരിഹരിക്കാൻ | 2010-11 സാമ്പത്തിക വർഷം മുതൽ 2013-14 വർഷം വരെ ഉപയോഗശൂന്യവും പഴയതുമായ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് കേരള ജല അതോറിറ്റിക്ക് പദ്ധതി വിഹിതമായി 305 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിൽ 260 |

| | | |
|---|---|---|
| | വേണ്ട പദ്ധതി നടപ്പാക്കുന്നതിന് പര്യാപ്തമായ തുക ബജറ്റിലൂടെ ലഭ്യമാകുന്നില്ലെന്ന് പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | കോടി രൂപയാണ് ജല അതോറിറ്റി വിനിയോഗിച്ചിട്ടുള്ളത്. നടപ്പ് സാമ്പത്തിക വർഷവും ഈ ആവശ്യത്തിലേക്കായി 95 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിനാൽ കുടിവെള്ള പദ്ധതിക്ക് ആവശ്യമായ ബഡ്ജറ്റ് വിഹിതം വകയിരുത്തുന്നുണ്ട്. |
| (സി) | മാലിന്യസംസ്ക്കരണം നടത്താനുള്ള സംവിധാനത്തിലെ അപര്യാപ്തത പരിഹരിക്കുന്നതിനും ഫണ്ട് ബഡ്ജറ്റിൽ ലഭ്യമാകുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | 2014-15 സാമ്പത്തിക വർഷം '2515-00-101-68 ശുചിത്വ കേരളം (പ്ളാൻ)' എന്ന ശീർഷകത്തിൽ 20 കോടി രൂപയും '2217-80-800-71 നഗരങ്ങളിലെ ഖര മാലിന്യ സംസ്ക്കരണ സംവിധാനം (പ്ളാൻ)' എന്ന ശീർഷകത്തിൽ 24.98 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിനു പുറമെ KSUDP, JnNURM പദ്ധതികളിൽ പ്പെടുത്തിയും മാലിന്യ സംസ്ക്കരണ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്. |
| (ഡി) | ഗതാഗത സൗകര്യം വർദ്ധിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ബജറ്റിൽ ഫണ്ട് അനുവദിക്കാത്തത് തടസ്സമാകുന്നതായ പരാതി പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | കൊച്ചി മെട്രോ റെയിൽ, മോണോ റെയിൽ, സബർബൻ റെയിൽവേ, മൊബിലിറ്റി ഹബ്, തുടങ്ങിയ പദ്ധതികൾക്കായി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 1225 കോടി രൂപ 2014-15 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. ഇതിനു പുറമെ കെ.എസ്.ആർ.ടി.സി. ക്കായി പദ്ധതിയിന-ത്തിൽ 65.42 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 150 കോടി രൂപയും ഈ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ